ഉത്തരം

(എ)-(ഡി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഇതുവരെ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

എറണാകുളം റീജിയണൽ വാണിന്റെ നിർമ്മാണ പ്രവർത്തനം

4 (6154) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔഷധ പരിശോധനയ്ക്കായി എറണാകുളത്ത് ആരംഭിക്കുന്ന റീജിയണൽ വാണിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) വാണിന്റെ നിർമ്മാണ പ്രവർത്തനം ആരെയാണ് ഏൽപ്പിച്ചിട്ടുള്ള തെന്നും അതിന്റെ പ്രവർത്തനത്തിന് നേതൃത്വം വഹിക്കുന്നത് ആരാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഔഷധ പരിശോധനയ്ക്കായി എറണാകുളത്ത് റീജിയണൽ ഡ്രഗ്ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി അനുവദിച്ച് ഡ്രഗ്സ് കൺട്രോൾവകുപ്പിന് കൈമാറി. കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ തുടർന്നുവരുന്നു.

(ബി) വാണിന്റെ നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പിനാണ്. കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. കൺസൾട്ടന്റിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ മെഡിക്കൽകോളേജിലെ കാത്ത്ലാബിന്റെ പ്രവർത്തനം

5 (6155) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിലെ കാത്ത്ലാബിന്റെ പ്രവർത്തനം ഏതുവരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കാത്ത്ലാബിന്റെ പ്രവർത്തനത്തിനായുള്ള ഓപ്പറേഷൻ തീയേറ്റർ ഉടൻ ആരംഭിക്കുവാൻ നടപടി ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇവിടെ ഡി. എം. കോഴ്സ് ആരംഭിക്കുവാൻ നടപടികൾ ഉണ്ടാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കാത്ത്‌ലാബിന്റെ പ്രവർത്തനത്തിന് പി. ജി. വിദ്യാർത്ഥികളുടെ സേവനംകൂടി ലഭ്യമാക്കുമോ ;

(എഫ്) ഡി. എം. കോഴ്സ് ആരംഭിക്കുന്നതിന്റെ കാലതാമസം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാത്ത്‌ലാബിന്റെ ഉപകരണങ്ങൾ ആശുപത്രിയിൽ എത്തിയിട്ടുണ്ട്. അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി)&(സി) ഉപകരണങ്ങൾ സജ്ജീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനായി ജീവനക്കാരെയും വൈദ്യുതി കണക്ഷനും ലഭ്യമാക്കുന്നതിനുള്ള സജീവ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ടാകുന്നതാണ്.

(ഇ) ലഭ്യമാക്കുന്നതാണ്.

(എഫ്) കാത്ത്‌ലാബ് പ്രവർത്തനം സജ്ജമാക്കുന്നതോടെ ഡി.എം. കോഴ്സ് ആരംഭിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് ചികിത്സാ ഉപകരണങ്ങൾ

6 (6156) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതിക്കായി എത്ര അപേക്ഷകൾ സർക്കാരിൽ നിലവിലുണ്ടെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ അപേക്ഷകൾ ഉണ്ടെങ്കിൽ ഓരോ അപേക്ഷയുടേയും വിശദാംശവും അനുമതി നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാലതാമസം എന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ)&(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ വിവിധ ഡിപ്പാർട്ടുമെന്റിലേയ്ക്കുള്ള ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിനായി 16-6-2010-ലെ ജി.ഒ.(ആർ.ടി) 2377/2010/ആ.കു.വ. പ്രകാരം 148.5 ലക്ഷം രൂപയുടെയും 9-7-2010-ലെ ജി.ഒ.(ആർ.ടി) 2675/2010/ആ.കു.വ. പ്രകാരം 25 ലക്ഷം രൂപയുടെയും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ അത്യാധുനിക ഓപ്പറേഷൻ തിയേറ്ററുകൾ,

LIBRARY ARCHIVES Kerala Legislative Assembly